7 (*341) ഓർക്കിഡ് പുഷ്പക്കൃഷി

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓർക്കിഡ് പുഷ്പക്കൃഷി വികസിപ്പിച്ച് എടുക്കാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ ഓർക്കിഡ് കൃഷിക്കുള്ള സാധ്യതയും ഓർക്കിഡിനുള്ള വൻപിച്ച വിപണന സാധ്യതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) വളരെയേറെ തൊഴിൽസാധ്യതയുള്ളതും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ കാര്യമായി സ്വാധീനിക്കാൻ കഴിയുന്നതുമായ ഓർക്കിഡ് പുഷ്പക്കൃഷി വിപുലപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഓർക്കിഡ് പുഷ്പക്കൃഷിയുടെ വളർച്ചയ്ക്കായി വിപുലമായ ഒരു വ്യവസായ സഹകരണസംഘം രൂപീകരിക്കുവാൻ സർക്കാർ മുൻകൈ എടുക്കുമോ;

(എഫ്) ഓർക്കിഡ് പുഷ്പക്കൃഷിക്കാർക്ക് സർക്കാർ നിലവിൽ എന്തെങ്കിലും സഹായം നല്കി വരുന്നുണ്ടോ;

(ജി) പുഷ്പക്കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഓർക്കിഡ് ആന്തൂറിയം എന്നിവയുടെ കൃഷി വികസിപ്പിക്കുന്നതിനായുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 25 അംഗങ്ങളുള്ള ഒരു ഫ്ളോറിക്കൾച്ചർ ക്ലബ്ബ് ഓരോ പഞ്ചായത്തിലും രൂപീകരിച്ച് അവയിലൂടെ പദ്ധതി നടപ്പിലാക്കും. ദേശീയ അന്തർദേശീയ മാർക്കറ്റുകളിൽ വിപണന സാധ്യതയുള്ള ഓർക്കിഡ്, ആന്തൂറിയം പൂക്കൾ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ നടീൽ വസ്തുക്കൾ 50% സബ്സിഡി നിരക്കിൽ ഈ ക്ലബ്ബുകൾക്ക് നൽകുന്നതും കൃഷിക്കാവശ്യമായ മൂലധനം വാണിജ്യബാങ്കുകൾ വഴി ലഭ്യമാക്കുന്നതുമാണ്.

(ബി) ഉണ്ട്.

(സി) സമഗ്രമായ ഒരു പഠനം നടത്തിയിട്ടില്ല.

(ഡി) എ ചോദ്യത്തിനുള്ള ഉത്തരം കാണുക.

(ഇ) തല്ക്കാലം ഉദ്ദേശമില്ല.

(എഫ്) ഇപ്പോഴില്ല. പദ്ധതി നടപ്പിലാക്കുവാൻ ആരംഭിക്കുമ്പോൾ സഹായം ലഭിക്കുന്നതാണ്.

(ജി) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് സമഗ്ര പുഷ്പക്കൃഷി വികസന പരിപാടി നടപ്പാക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly